ഭരണഭാഷ — മാതൃഭാഷ

നമ്പർ.സി.1/24117/റ്റി.സി./2014


ട്രാൻസ്പോർട്ട് കമ്മീഷണറേറ്റ്, കേരളം,

രണ്ടാം നില, ട്രാൻസ് ടവേഴ്സ്, വഴുതക്കാട്, തിരുവനന്തപുരം-14,

[☎0471-2333337/2333317 ഫാക്സ് 0471-2333314]

www.keralamvd.com [ഇ-മെയിൽ - tcoffice@keralamvd.gov.in ]


തീയ്യതി,18.12.2014.

പ്രേഷകൻ.

ട്രാൻസ്പോർട്ട് കമ്മീഷണർ,
തിരുവനന്തപുരം.

സ്വീകർത്താവ്,

എല്ലാ ഡെപ്യൂട്ടി ട്രാൻസ്പോർട്ട് കമ്മീഷണർമാർക്കും,
എല്ലാ റീജിയണൽ ട്രാൻസ്പോർട്ട് ഓഫീസർമാർക്കും,
എല്ലാ ജോയിന്റ് റീജിയണൽ ട്രാൻസ്പോർട്ട് ഓഫീസർമാർക്കും

സർ,

വിഷയം :- ***മോട്ടോർ വാഹന വകുപ്പ്*** — ദേശസാൽകൃത റൂട്ടുകളിലെ ഓർഡിനറി സർവ്വീസുക ലഭിച്ചിരിയ്ക്കുന്ന പെർമിറ്റുകൾ പുതുക്കുന്നത് — സംബന്ധിച്ച്.

സൂചന :- 1.21.03.2014-ലെ കത്ത് നമ്പർ. ഡി.2/13480-11/എസ്.റ്റി.എ./1998
2. 19.06.1999 തീയതിയിലെ സർക്കാർ ഉത്തരവ് നമ്പർ.25/ബി.2/98/ഗതാഗതം
3. ഈ ഓഫീസിൽ നിന്നുള്ള തീയതി വെയ്ക്കാത്ത കത്ത് നമ്പർ. ഡി.2/13480/എസ്.റ്റി.എ./19

സൂചനകളിലേയ്ക്ക് ശ്രദ്ധ ക്ഷണിയ്ക്കുന്നു. സൂചന (3) പ്രകാരമുള്ള ഉത്തരവ് പ്രകാരം കെ.എസ്.ആർ.ടി.സിയുടെ റെഗുലർ പെർമിറ്റുകൾ പുതുക്കേണ്ടതില്ല എന്നും നോട്ടിഫിക്കേഷന്റെ കാലാവധി വരെ പെർമിറ്റിന് കാലാവധി നൽകണമെന്നും നിർദ്ദേശിച്ചിരുന്നു. മേൽ പറഞ്ഞ ഓർഡറിൽ ഏതുതരം പെർമിറ്റ് എന്ന് എടുത്ത് പറഞ്ഞിട്ടില്ല. സൂചന (2) പ്രകാരമുള്ള ഉത്തരവിലും ഏതുതരം പെർമിറ്റ് എന്ന് പ്രതിപാദിച്ചിട്ടില്ല. എന്നാൽ സൂചന (1) പ്രകാരം നൽകിയ ഉത്തരവിൽ "ദേശസാൽകൃത റൂട്ടുകളിലെ ഓർഡിനറി (കെ.എസ്.ആർ.ടി.സി) ബസുകളുടെ പെർമിറ്റ്" എന്ന് പ്രത്യേകം പറയുന്നുണ്ട്.

സൂചന (1) പ്രകാരം നൽകിയ നിർദ്ദേശം സൂചന (2) (3) തുടങ്ങിയ ഉത്തരവുകൾക്ക് വിരുദ്ധമായതിനാൽ പ്രസ്തുത നിർദ്ദേശം ഇതിനാൽ പിൻവലിയ്ക്കുന്നു. ദേശസാൽകൃത റൂട്ടുകളിലെ കെ.എസ്.ആർ.ടി.സി ബസ്സുകളുടെ പെർമിറ്റുകൾ പുതുക്കേണ്ടതില്ല എന്നും, നോട്ടിഫിക്കേഷന്റെ കാലാവധി വരെ പെർമിറ്റുകൾക്ക് കാലാവധി നൽകണം എന്നും ഇതിനാൽ നിർദ്ദേശിയ്ക്കുന്നു.

വിശ്വസ്തതയോടെ,
(ഒപ്പ്)
ജോയിന്റ് ട്രാൻസ്പോർട്ട് കമ്മീഷണർ &
സെക്രട്ടറി, എസ്.റ്റി.എ.
ട്രാൻസ്പോർട്ട് കമ്മീഷണർക്കുവേണ്ടി

അംഗീകാരത്തോടെ,

സീനിയർ സൂപ്രണ്ട്.